**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5454** **05-07-2024 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് പുന:സ്ഥാപിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലൂടെ മുൻപ് സർവീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസുകൾ ഇപ്പോൾ സർവീസ് നടത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ബസുകളുടെ സർവീസ് നിർത്തലാക്കിയതിന്റെ കാരണം വിശദമാക്കാമോ; | (എ) | കോവിഡ് കാലത്തിന് ശേഷം യാത്രക്കാർ തീരെ ലഭ്യമല്ലാത്തതിനാൽ പ്രസ്തുത സർവീസുകളിൽ ഡീസൽ ഉൾപ്പടെയുള്ള പ്രവർത്തന ചെലവ് പോലും വരുമാനമായി ലഭിക്കാത്ത സാഹചര്യത്തിൽ വളരെ കുറഞ്ഞ വരുമാനം മാത്രം ലഭിച്ചുവന്നിരുന്ന ട്രിപ്പുകൾ / സർവീസുകൾ പുനഃക്രമീകരിക്കുന്നതിന്റെ ഭാഗമായി മറ്റ് സ്വകാര്യ സ്റ്റേജ് ക്യാരേജ് ബസ്സുകൾ കൂടുതലായി സർവീസ് നടത്തുന്ന മേഖലകളിലെ പ്രസ്തുത കെ.എസ്.ആർ.ടി.സി. സർവീസുകൾ നിർത്തലാക്കിയിട്ടുണ്ട്. |
| (ബി) | തിരൂർ ഭാഗത്തുനിന്നും കൊടിഞ്ഞി-ചെമ്മാട് വഴി കോഴിക്കോട് ഭാഗത്തേക്കും തിരിച്ചും അതുപോലെ പരപ്പനങ്ങാടി-തിരൂരങ്ങാടി-കക്കാട് വഴി മലപ്പുറം ഭാഗത്തേക്കും തിരിച്ചും മുൻപ് ഉണ്ടായിരുന്ന കെ.എസ്.ആർ.ടി.സി. ബസ് സർവീസുകളുടെ സമയക്രമവും റൂട്ടും അനുസരിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | തിരൂർ ഭാഗത്തു നിന്നും കൊടിഞ്ഞി - ചെമ്മാട് വഴി കോഴിക്കോട് ഭാഗത്തേക്കും തിരിച്ചും അതുപോലെ പരപ്പനങ്ങാടി - തിരൂരങ്ങാടി - കക്കാട് വഴി മലപ്പുറം ഭാഗത്തേക്കും തിരിച്ചും മുൻപ് ഉണ്ടായിരുന്ന KSRTC ബസ് സർവീസുകളുടെ സമയക്രമവും റൂട്ടും അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുക സർവീസുകൾ പുന:സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | പ്രസ്തുത റൂട്ടിൽ മറ്റു ധാരാളം സ്വകാര്യ സ്റ്റേജ് ക്യാരേജ് സർവീസുകൾ ലഭ്യമായതിനാലും KSRTC-ക്ക് പ്രസ്തുത റൂട്ടിൽ ഡീസൽ ഉൾപ്പടെയുള്ള പ്രവർത്തന ചെലവിന് പോലും വരുമാനം ലഭ്യമാകാത്ത സാഹചര്യത്തിലും പ്രസ്തുത സർവീസുകൾ പുനഃസ്ഥാപിക്കുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

തിരൂർ ഭാഗത്തുനിന്നും കൊടിഞ്ഞി-ചെമ്മാട് വഴി കോഴിക്കോട് ഭാഗത്തേക്കുള്ള സർവീസ്

1. 06.30 മലപ്പുറം – തിരൂർ - കോഴിക്കോട്

ട്രിപ്പുകൾ

1. 07.50 തിരൂർ - കൊടിഞ്ഞി – കോഴിക്കോട്
2. 14.50 തിരൂർ - കൊടിഞ്ഞി – കോഴിക്കോട്

തിരിച്ചുള്ള ട്രിപ്പുകൾ

1. 10.10 കോഴിക്കോട് – കൊടിഞ്ഞി – തിരൂർ
2. 17.10 കോഴിക്കോട് – കൊടിഞ്ഞി – തിരൂർ

പരപ്പനങ്ങാടി-തിരൂരങ്ങാടി-കക്കാട് വഴി മലപ്പുറം ഭാഗത്തേക്കുള്ള സർവീസ്

1. 07.20 മലപ്പുറം – പരപ്പനങ്ങാടി
2. 05.45 പരപ്പനങ്ങാടി – കോഴിക്കോട് നോൺ എ.സി
3. 04.20 മലപ്പുറം – വേങ്ങര – പരപ്പനങ്ങാടി – താനൂർ - തിരൂർ - ഗുരുവായൂർ - എറണാകുളം ജെട്ടി
4. 08.00 മലപ്പുറം – വേങ്ങര - പരപ്പനങ്ങാടി
5. 07.00 മലപ്പുറം – വേങ്ങര – പരപ്പനങ്ങാടി
6. 06.20 മലപ്പുറം – പരപ്പനങ്ങാടി

ട്രിപ്പുകൾ

1. 08.50 പരപ്പനങ്ങാടി – വേങ്ങര – മലപ്പുറം – മഞ്ചേരി
2. 13.05 പരപ്പനങ്ങാടി – വേങ്ങര – മലപ്പുറം – മഞ്ചേരി
3. 18.35 പരപ്പനങ്ങാടി – വേങ്ങര – മലപ്പുറം – മഞ്ചേരി
4. 14.00 പരപ്പനങ്ങാടി – വേങ്ങര – മലപ്പുറം
5. 12.15 പരപ്പനങ്ങാടി – വേങ്ങര – മലപ്പുറം - മഞ്ചേരി
6. 20.30 പരപ്പനങ്ങാടി – വേങ്ങര – നവോദയ – മലപ്പുറം
7. 08.20 പരപ്പനങ്ങാടി – വേങ്ങര – മലപ്പുറം – മഞ്ചേരി
8. 12.30 പരപ്പനങ്ങാടി – മലപ്പുറം - മഞ്ചേരി
9. 16.30 പരപ്പനങ്ങാടി – വേങ്ങര – മലപ്പുറം – മഞ്ചേരി
10. 07.30 പരപ്പനങ്ങാടി – വേങ്ങര – മലപ്പുറം – പാലക്കാട്

<u>തിരിച്ചുള്ള ട്രിപ്പുകൾ</u>

1. 07.20 മലപ്പുറം – വേങ്ങര - പരപ്പനങ്ങാടി
2. 11.05 മഞ്ചേരി – മലപ്പുറം – വേങ്ങര – പരപ്പനങ്ങാടി
3. 17.05 മലപ്പുറം – വേങ്ങര – പരപ്പനങ്ങാടി
4. 05.45 മലപ്പുറം - പരപ്പനങ്ങാടി – കോഴിക്കോട്
5. 04.20 മലപ്പുറം – വേങ്ങര – പരപ്പനങ്ങാടി – താനൂർ - തിരൂർ - ഗുരുവായൂർ - എറണാകുളം ജെട്ടി
6. 10.15 മഞ്ചേരി – മലപ്പുറം – വേങ്ങര – പരപ്പനങ്ങാടി
7. 18.20 മഞ്ചേരി – മലപ്പുറം – വേങ്ങര – പരപ്പനങ്ങാടി
8. 07.00 മലപ്പുറം – വേങ്ങര – പരപ്പനങ്ങാടി
9. 10.20 മഞ്ചേരി – മലപ്പുറം – വേങ്ങര – പരപ്പനങ്ങാടി
10. 14.30 മഞ്ചേരി – മലപ്പുറം – വേങ്ങര – പരപ്പനങ്ങാടി
11. 06.20 മലപ്പുറം – വേങ്ങര – പരപ്പനങ്ങാടി

എക്സിക്യൂട്ടീവ് ഡയറക്ടർ (ഓപ്പറേഷൻസ്)